പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3808** — 19.02.2013 ൽ മറുപടിയ്ക്ക്

**സൂര്യനെല്ലി കേസിൽ അന്വേഷണം**

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) സൂര്യനെല്ലി കേസിൽ ബഹു. സുപ്രീം കോടതിയുടെ പുതിയ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. പി. ജെ. കുര്യനെതിരെ കേസ് എടുക്കുന്നതിനും അന്വേഷണത്തിന് ഉത്തരവിടുന്നതിനും എന്താണ് നിയമ തടസ്സം; വിശദാംശം നൽകുമോ ;<br><br>(ബി) മുൻകാലങ്ങളിൽ ബഹു. ഹൈക്കോടതിയും ബഹു. സുപ്രീം കോടതിയും വിധി പ്രസ്താവിച്ച പല കേസ്സുകളിലും പുനരന്വേഷണത്തിന് ഉത്തരവിട്ട നിരവധി കേസ്സുകൾ ഉണ്ടായിട്ടും ശ്രീ. പി. ജെ. കുര്യനെതിരെ പുനരന്വേഷണത്തിന് തയ്യാറാവാത്തതിന്റെ കാരണം വിശദീകരിക്കുമോ ;<br><br>(സി) നിരവധി കേസ്സുകളുടെ പുനരന്വേഷണത്തിന് ഈ സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ നിന്നും എന്തു വ്യത്യാസമാണ് സൂര്യനെല്ലി കേസിൽ പുനരന്വേഷണത്തിന് തടസ്സമായി നിൽക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (എ) (ബി) & (സി) ക്രിമിനൽ നടപടി സംഹിത അനുസരിച്ച് പുനരന്വേഷണത്തിന് വ്യവസ്ഥയില്ല. 173(8) CrPC അനുസരിച്ച് തുടരന്വേഷണം നടത്താൻ മാത്രമേ പാടുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യാതൊരു കേസും പുനരന്വേഷണത്തിന് ഉത്തരവിട്ടിട്ടില്ല. പുനരന്വേഷണമോ, പുതിയ അന്വേഷണമോ നിയമപരമായി ക്രിമിനൽ നടപടി സംഹിതയിൽ വിവക്ഷിച്ചിട്ടില്ലെന്ന് സുപ്രീം കോടതി നിരവധി വിധിന്യായങ്ങളിൽ നിരീക്ഷിച്ചിട്ടുള്ളതാണ്. പുതിയ തെളിവുകളുടെ വെളിച്ചത്തിൽ തുടരന്വേഷണം മാത്രമേ നടത്താൻ പാടുള്ളൂ. തുടരന്വേഷണത്തിന് രേഖാപരമോ വായ്മൊഴിയാലൊ ലഭിക്കുന്ന പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതിയെ അറിയിച്ച് തുടരന്വേഷണം നടത്താവുന്നതാണ്. സൂര്യനെല്ലി കേസിൽ തുടരന്വേഷണമോ പുനരന്വേഷണമോ നിയമപരമായി സാദ്ധ്യമല്ലായെന്ന്, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും, സൂര്യനെല്ലി കേസിൽ സുപ്രീം കോടതിയിൽ കേരളാ സർക്കാരിനു വേണ്ടി ഹാജരായ സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനും മുൻ ഹൈക്കോടതി ജഡ്ജിയുമായ ശ്രീ. പത്മനാഭൻ നായരും, നിയമവകുപ്പ് സെക്രട്ടറിയും നൽകിയ പ്രത്യേക നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സൂര്യനെല്ലി കേസിൽ തുടരന്വേഷണമോ പുനരന്വേഷണമോ നടത്തുന്നതിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ